ജാമ്യം നിന്നുകഴിഞ്ഞാൽ ഈ ആളുകൾ പണമടക്കുന്നതിന് വീഴ്ച വരുത്തിയാൽ, മൂന്നുമാസം കഴിഞ്ഞാൽ ജാമ്യം നിന്ന ബോർഡ് മെമ്പറുടെ, ബോർഡ് മെമ്പർസ്ഥാനം ക്യാൻസലായിപ്പോകും. ആ ഗതികേട് ഉണ്ടാകാതിരിക്കുന്നതിന് ഈ ബോർഡ് മെമ്പർ ജാമ്യംനിന്ന് കുടിശ്ശികയുണ്ടായി എന്നറിഞ്ഞുകഴിഞ്ഞാൽ , സ്വാഭാവികമായും കക്ഷികളെക്കൊണ്ട് പണം അടപ്പിച്ച് ഡ്യൂസ് വരുത്താതെ നോക്കിക്കൊള്ളും. ഇന്ന് ഇത് അറിയാനുള്ള സാഹചര്യമില്ല. അതുകൊണ്ട് ബോർഡ്മെമ്പറുടെ ബോർഡ്മെമ്പർ സ്ഥാനംപോകുന്നതിനുമുമ്പ് നിർബന്ധമായും ബോർഡ്മെമ്പർക്ക് രെജിസ്റ്റർനോട്ടീസ്, നിങ്ങൾ 15ദിവസത്തിനകം പണം അടച്ചില്ലെങ്കിൽ ബോർഡ് മെമ്പർ സ്ഥാനം പോകാനുള്ള സാധ്യതയുണ്ടെന്നുള്ള ഒരു ഇൻറിമേഷൻ കൊടുക്കണം. ഈ നിസ്സാരമായ ഒരു കാര്യമാണ് ഞാൻ ഈ ബില്ലിൽ പറഞ്ഞിരിക്കുന്നത്. ഇതിന് ഈ മൂന്ന് സമ്മേളനം ചർച്ചചെയ്യണോ?, എത്രയോ ബില്ലുകൾ ചർച്ചചെയ്യാൻ ഈ സഭയിലുണ്ട്. ഈ നിസ്സാരകാര്യത്തിന് മൂന്നു സമ്മേളനങ്ങളിൽ ചർച്ച ചെയ്യേണ്ട കാര്യമുണ്ടോ? അങ്ങ് നിർബന്ധമായും ഇക്കാര്യത്തിൽ ഇടപെടണമെന്നാണ് എനിക്ക് ഒരു അപേക്ഷയുള്ളത്. അങ്ങനെ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കിത്തരണം. മന്ത്രി ഇതിനെപ്പറ്റി അഭിപ്രായം പറഞ്ഞാൽ ഇപ്പോൾ തന്നെ ഇത് അവസാനിപ്പിക്കാം.

മി. സ്പീക്കർ: അങ്ങേയ്ക്ക് അടുത്തയാഴ്ച പ്രസംഗം തുടരാം.

മീ. സ്പീക്കർ: 1985-ലെ സർവ്വകലാശാലാനിയമങ്ങൾ ആണ് അടുത്തത്. മെമ്പർ ഹാജരില്ല.

(ii) 1985-ലെ കേരള കർഷകത്തൊഴിലാളി ഭേദഗതിബിൽ (തുടർച്ച)

ശ്രീ. സി. ടി. കൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനത്തിലെ 20 ലക്ഷത്തോളം വരുന്ന കർഷകത്തൊഴിലാളികളെ ബാധിക്കുന്ന ഒരു നിയമമാണ് കർഷകത്തൊഴിലാളി നിയമം. പക്ഷേ ആ നിയമം പാസ്സാക്കിയിട്ട് പതിനൊന്ന്, പന്ത്രണ്ട് കൊല്ലംകഴിഞ്ഞുവെങ്കിലും രണ്ടായിരം കർഷകത്തൊഴിലാളികൾക്കുപോലും ബാധകമാകത്തക്കവിധത്തിൽ ആ നിയമം നടപ്പിലാക്കുന്നില്ല. അതിന് സന്ദർഭോചിതമായ, കാലോചിതമായ മാറ്റങ്ങൾ ആവശ്യമാണ്. അത് പല പ്രാവശ്യം ഇവിടെ ആവശ്യപ്പെട്ടിട്ടും ആ നിയമത്തിൽ ഭേദഗതികൊണ്ടുവരാനോ ഉള്ള നിയമംതന്നെ നടപ്പിലാക്കാനോ സർക്കാർ പരിശ്രമിച്ചിട്ടില്ല. പല സംഘടനകളും ഈ നിയമത്തിലുള്ള അപാകതകളെസംബന്ധിച്ച്, തൊഴിലാളിദ്രോഹനടപടികളെസംബന്ധിച്ച് പല പ്രാവശ്യംസർക്കാരിന്റെ ശ്രദ്ധയിലും, മന്ത്രിയുടെ ശ്രദ്ധയിലുമൊക്കെപ്പെടുത്തിയിട്ടുണ്ട്. അതിന് ഇവിടെ നിരവധി സമരങ്ങളും പ്രക്ഷോഭണങ്ങളുമൊക്കെ നടത്തിയിട്ടുള്ളതാണ്. അതുകൊണ്ടാണ് ഞാൻ ഈ ഭേദഗതികൊണ്ടുവന്നിട്ടുള്ളത്. ഇപ്പോഴും പ്രധാനമായും കർഷകത്തൊഴിലാളികൾ, പ്രത്യേകിച്ചും പാലക്കാട് മേഖലയിൽ സ്ഥിരം കർഷകത്തൊഴിലാളികളുണ്ട്. അവർ സ്ഥിരമാണെന്ന് തെളിയിക്കുന്നതിന് യാതൊരു വ്യവസ്ഥയുമില്ല. ഈ നിയമത്തിലാണെങ്കിൽ രജിസ്ട്രേഷനെ സംബന്ധിച്ചു പറയുന്നുണ്ട്. രജിസ്ട്രേഷന്റെ കാര്യം പാലിക്കുന്നില്ല. 1975-ലാണ് ആദ്യമായി പഞ്ചായത്തുകളിൽ കർഷകത്തൊഴിലാളികളുടെ രജിസ്റ്റർ സൂക്ഷിച്ചുതുടങ്ങിയത്. 75-നുശേഷം ഇന്നുവരെ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല. അവിടെ രജിസ്റ്റർ ചെയ്തിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

വരുടെ പേരുപോലും ഇന്ന് പഞ്ചായത്താഫീസുകളിൽ ഇല്ല. അതുകൊണ്ട് കർഷകത്തൊഴിലാളികളെ ആരെങ്കിലും പിരിച്ചുവിട്ടാൽ, ലേബർ ഓഫീസിൽപ്പോയാൽ ആർ. ഡി. ഒ. യുടെ മുമ്പിൽ കേസ്സിന് ഹാജരാകുന്ന അവസരത്തിൽ, ഇവർ സ്ഥിരം കർഷകത്തൊഴിലാളികളാണെന്നുള്ളതിന് എന്താണ് രേഖയെന്നുചോദിച്ചാൽ തൊഴിലാളികൾക്ക് അത് തെളിയിക്കാൻ യാതൊരു നിവൃത്തിയുമില്ല. കർഷകർ രജിസ്റ്റർ വയ്ക്കണമെന്ന് ആവശ്യപ്പെടുന്നുണ്ടെങ്കിലും അതും പ്രായോഗികമല്ല, അതും നടപ്പിലാക്കുന്നില്ല. അതുകൊണ്ട് പത്തും, ഇരുപത്തഞ്ചും, മുപ്പതും കൊല്ലമായി പണിയെടുക്കുന്ന കർഷകത്തൊഴിലാളികളെ, അവർ കൂലിയോ മറ്റോ ആവശ്യപ്പെടുന്ന അവസരത്തിൽ ആ തൊഴിലാളികളെ പിരിച്ചുവിടുന്ന സ്ഥിതി വരുന്നുണ്ട്. അതുകൊണ്ട് അവരുടെ പേരുകൾ രജിസ്റ്റർ ചെയ്ത് സ്ഥിരമായി എല്ലാവർഷവും രജിസ്ട്രേഷൻ പുതുക്കണമെന്നുള്ള ഒരു പ്രധാന ഭേദഗതിയാണ് എനിക്ക് ഉന്നയിക്കാനുള്ളത്.

മി. സ്പീക്കർ: ശ്രീ. കൃഷ്ണൻ അങ്ങേയ്ക്ക് ഈ പ്രസംഗം പിന്നീട് തുടരാം.

(iii) 1985-ലെ പൊൻമുടി ടീ എസ്റ്റേറ്റ് (പ്രൈവറ്റ്) ലിമിറ്റഡ് (സംരംഭങ്ങൾ വിലയ്ക്കെടുക്കൽ) ബിൽ

(ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ നോട്ടീസ് നൽകിയത്)

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, പൊൻമുടി ടീ എസ്റ്റേറ്റ് ഒരു പ്രൈവറ്റ് എസ്റ്റേറ്റാണ്. കെ. ടി. തോമസ് എന്ന ഒരു വ്യക്തി നടത്തുന്നതാണ്. 230 ഹെക്ടറോളം വിസ്തൃതിയുള്ള അവിടെ 400 വർക്കേഴ്സും 35 സ്റ്റാഫും വർക്ക് ചെയ്യുന്നു. ഈ സ്ഥാപനം ആദ്യകാലത്ത് നല്ലവണ്ണം നടന്നിരുന്നുവെങ്കിലും പിന്നീട് അത് വേണ്ടത്ര ലാഭകരമായി നടത്തുവാൻ സാധിക്കാതെവന്നതുകൊണ്ട് തൊഴിലാളികൾക്കെല്ലാം വളരെയധികം കുടിശ്ശിക കൊടുക്കുവാനുണ്ടായിരുന്നു. അതിനുശേഷം ഇതിന്റെ വർക്ക് ശരിക്കു നടക്കുന്നില്ലായെന്നു പറഞ്ഞ് ഗവൺമെന്റിനേയും ഹൈക്കോടതിയേയും സുപ്രീം കോടതിയേയുമെല്ലാം സമീപിച്ചിരുന്നു. ഇത് ഗവൺമെന്റ് ഏറ്റെടുക്കണമെന്ന നിലയിൽ ഉള്ള ആവശ്യമാണ് ഉണ്ടായിരുന്നത്. ആദ്യം 1975 മുതൽ 1981 വരെ ഒരു റിലീഫ് അണ്ടർ ടേക്കിംഗ് എന്നുള്ള നിലയിൽ ഗവൺമെന്റ് അത് ഏറ്റെടുത്തിരുന്നു. പിന്നീട് അത് തുടർന്നുപോകേണ്ട ആവശ്യമില്ലെന്നു കണ്ടതുകൊണ്ട് അത് മാറിവയ്ക്കുകയാണുണ്ടായത്. പിന്നീട് അത് ഗവൺമെന്റ് നേരിട്ട് ഏറ്റെടുക്കണമെന്നുള്ള ആവശ്യവുമായിട്ടാണ് അവർ മുന്നോട്ടു വന്നത്. തൊഴിലാളികൾക്കു കൊടുക്കേണ്ട കുടിശ്ശിക വളരെയേറെ ഉള്ളതുകൊണ്ട് അതിനെ സംബന്ധിച്ച് വളരെ കൂലങ്കഷമായി പരിശോധിക്കണമെന്നുള്ള നിലയിൽ ധാരാളം യോഗങ്ങളിൽ എം. എൽ. എ. മാരും വർക്കേഴ്സിന്റെ ലീഡേഴ്സും, ട്രേഡ് യൂണിയൻ ലീഡേഴ്സും മാനേജ്മെന്റും എല്ലാംകൂടിയിരുന്ന് വളരെയധികം ആലോചിച്ചശേഷം ഇത് ഗവൺമെന്റ് സ്വന്തമായി ഏറ്റെടുത്തുനടത്തുവാൻ സാധ്യമല്ലെന്നുള്ള നിലയിലാണ് തീരുമാനമുണ്ടായത്. അതിനുശേഷം ഈ കൗൺസിൽ ഓഫ് മിനിസ്റ്റേഴ്സ് വിളിച്ച് ആലോചിക്കുകയും ഇതിന്റെ എല്ലാ നിയമപരമായ കാര്യങ്ങളും ആലോചിച്ച് വേണ്ട നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly